## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1923**

04.10.2011 ൽ
മറുപടിക്ക്

### 'സിൽക്കി'ന്റെ നവീകരണത്തിനായി നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. ഹംസ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലത്തെ ഏക വ്യവസായ സ്ഥാപനമായ 'സിൽക്കി'ന്റെ നവീകരണത്തിനായി 2006-2011 കാലയളവിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ;<br><br>(ബി) ഒറ്റപ്പാലം സിൽക്കിന്റെ നവീകരണത്തിനായി മുൻസർക്കാർ എത്ര രൂപ അനുവദിച്ചു. എന്തെല്ലാം നവീകരണ പരിപാടികൾ ആണ് നടപ്പിലാക്കിയത്; | (എ) & (ബി) 2006-2011 കാലയളവിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ ഒറ്റപ്പാലത്തെ ഫൗണ്ടറി യൂണിറ്റിന്റെ നവീകരണപദ്ധതി സർക്കാർ അംഗീകരിക്കുകയും 280 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. നവീകരണ പദ്ധതിയുടെ ഭാഗമായി ഉത്പാദന പ്രക്രിയയ്ക്ക് ആവശ്യമായ കെട്ടിടം പുതുക്കി പണിയുകയും, യന്ത്ര സാമഗ്രികൾ വാങ്ങുകയും ചെയ്തു. യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതും മറ്റു അനുബന്ധജോലികളും നടന്നുവരുന്നു. |
| (സി) നവീകരണപരിപാടി മൂലം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചു; പുതുതായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | (സി) നവീകരണ പരിപാടികളുടെ മുന്നോടിയായി ഫൗണ്ടറി യൂണിറ്റിൽ വർഷങ്ങളായി കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന 24 തൊഴിലാളികളെ 2010 ൽ റഗുലറൈസ് ചെയ്തു. |

സെക്ഷൻ ഓഫീസർ